**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2770** **22-01-2021 - ൽ മറുപടിയ്ക്ക്**

**മൃഗശാലകളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. ജോർജ് | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗശാലകളുടെ വികസനത്തിനുവേണ്ടി എത്ര തുക ചെലവഴിച്ചു; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മൃഗശാലകളുടെ വികസനത്തിനായി 25,21,93,399/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാലയളവിൽ മൃഗശാലകളിൽ നിന്ന് എത്ര തുക വരുമാനം ലഭിച്ചു; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 26,59,10,435/-രൂപ മൃഗശാലകളിൽ നിന്നും വരുമാനമായി ലഭിച്ചിട്ടുണ്ട് |
| (സി) | മൃഗശാല വികസനത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | തിരുവനന്തപുരം മൃഗശാല ആധുനിക വത്കരിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരം വാങ്ങുകയും, മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്ത പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്യുന്നുണ്ട്. മലയണ്ണാൻ, കുറുക്കൻ, നീലക്കാള, ബാർക്കിംഗ് ഡിയർ, ഇൻഡ്യൻ കാട്ടുപോത്ത്, കറുത്ത അരയന്നം, നീർനായ, ജലപക്ഷികൾ എന്നിവയ്ക്ക് വേണ്ടിയുള്ള വിശാലമായ പരിബന്ധനം പൂർത്തീകരിച്ചു. കടുവ, കൃഷ്ണമൃഗം, പന്നിമാൻ, സിംഹം, കുരങ്ങൻ, മ്ലാവ് എന്നിവയെ പാർപ്പിക്കുന്ന കൂടുകൾ നവീകരിച്ചു. ചിത്രശലഭ പാർക്ക്, വിദേശ പക്ഷികളെ പാർപ്പിക്കുന്നതിനുള്ള പരിബന്ധനം, മൃഗശാലാ സ്റ്റോറും ഓഫീസും ചേർന്ന കെട്ടിട സമുച്ചയം, ഇന്റർപ്രിട്ടേഷൻ സെന്ററുകൾ എന്നിവ സർക്കാരിന്റെ നൂറ് ദിന കർമ്മപരിപാടിയുടെ രണ്ടാംഘട്ടത്തിൽ പൂർത്തീ കരിക്കുന്ന രീതിയിൽ ജോലികൾ പുരോഗമിച്ചു വരുന്നു. മൃഗശാലയിൽ ക്വാറന്റൈൻ സ്റ്റേഷൻ, കരപ്പക്ഷികൾക്ക് മാത്രമായിട്ടുള്ള വിശാലമായ പരിബന്ധനം എന്നിവ നിർമ്മിക്കുന്നതിനുള്ള ജോലികൾ ആരംഭിച്ചിട്ടുണ്ട്. വണ്ടല്ലൂർ മൃഗശാലയിൽ നിന്നും 2 ജോഡി വെള്ള മയിലുകൾ, 2 ജോഡി പെരുംപാമ്പുകൾ, അഞ്ച് ജോഡി വർണ്ണക്കൊക്കുകൾ, ഒരുജോഡി ഒട്ടകപ്പക്ഷി, നാഗാലാന്റ് മൃഗശാല യിൽ നിന്നും ഹിമാലയൻ കരടികൾ, കാൺപൂർ മൃഗശാലയിൽ നിന്നും ഒരു |

| | | | |
|---|---|---|---|
| | | | ജോഡി കഴുതപ്പുലികൾ എന്നിവയെ ലഭ്യമാക്കി. പീലിക്കുള മൃഗശാലയിൽ നിന്നും 2:1 അനുപാതത്തിൽ രാജവെമ്പാല, 2:2 അനുപാതത്തിൽ ബാർക്കിംഗ് ഡിയർ, നെഹ്രു സുവോളജിക്കൽ പാർക്കിൽ നിന്നും 1:1 അനുപാതത്തിൽ സ്ലോത്ത് ബിയർ, 2:2 അനുപാതത്തിൽ ഗ്രീൻ ഇഗ്വാനകൾ എന്നിവയെ ലഭ്യമാക്കുന്നതിനു കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം വാങ്ങി മൃഗങ്ങളെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ